# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4022 — 11-11-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ നിർമ്മാണം

**ചോദ്യം**

ശ്രീ. എം.വിൻസെന്റ്:

**മറുപടി**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖ കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടത്; നാളിതുവരെ എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തിയായത്; ഓരോന്നും പ്രത്യകം വിശദമാക്കാമോ ;

(എ) അദാനി കമ്പനിയുമായി ഏർപ്പെട്ടിട്ടുളള കരാർ പ്രകാരം 2019 ഡിസംബർ 3-നാണ് ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കേണ്ടത്. പ്രധാന പ്രവൃത്തികളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | നിർമ്മാണ പ്രവൃത്തി | പൂർത്തീകരിക്കേണ്ടത് | നാളിതുവരെ പൂർത്തീകരിച്ചത് |
|---|---|---|---|
| 1 | പുലിമുട്ട് | 3100 മീറ്റർ നീളം | 600 മീറ്റർ (20%) |
| 2 | ഡ്രഡ്ജിംഗ് & റിക്ലമേഷൻ | 7.1 ദശലക്ഷം ഘനമീറ്റർ | 40% |
| 3 | കണ്ടെയ്നർ ബെർത്ത് | 800 മീറ്റർ x 60 മീറ്റർ | പൈലിംഗ്, പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീയാക്കി. പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| 4 | തുറമുഖത്തിനായിട്ടുള്ള യന്ത്രോപകരണങ്ങൾ (ക്രെയിനുകൾ, ടഗ്ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയ്നുകൾ-8 എണ്ണം | ചൈനീസ് കമ്പനിക്ക് നിർമ്മാണ കരാർ നൽകിയിട്ടുണ്ട് |
| | | ടഗ് ബോട്ടുകൾ -4 എണ്ണം | 2 ടഗ് ബോട്ടുകൾ ജപ്പാനിൽ നിർമ്മാണം പൂർത്തിയാക്കി. മറ്റുള്ളവയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| | | യാർഡ് ക്രെയിനുകൾ - 24 എണ്ണം | ചൈനയിലെ ഒരു കമ്പനിയുമായി നിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | നിലവിലെ സ്ഥിതിയിൽ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും നിർമ്മാണം വൈകുന്നതിന്റെ കാരണം എന്താണെന്നും അറിയിക്കാമോ ; | (ബി) | പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പുരോഗതി വിലയിരുത്തിയതിൽ നിന്നും നിർദ്ദിഷ്ട കാലാവധിയിൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് കരുതുന്നില്ലെന്ന് ഇൻഡിപെന്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണത്തിന് ആവശ്യമായ പാറ കണ്ടെത്താൻ നിർമ്മാണ കമ്പനിക്ക് കഴിയാത്തതാണ് പദ്ധതി വൈകാൻ കാരണമാകുന്നത്. |
| (സി) | നിർമ്മാണം ആരംഭിച്ചത് മുതൽ മന്ത്രിതല മേൽനോട്ട സമിതി എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; യോഗം ചേർന്ന തീയതിയും മിനിട്ട്സും ലഭ്യമാക്കാമോ ? | (സി) | വിഴിഞ്ഞം ഉറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മന്ത്രിതല മേൽനോട്ട സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ ഉറമുഖ വകുപ്പ് മന്ത്രി നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ